# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.14</u> <u>06.01.2014 ൽ മറുപടിയ്ക്ക്</u>

## രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>" എൻ.എ.നെല്ലിക്കുന്ന്<br>" പി.ഉബൈദുള്ള<br>" പി.കെ.ബഷീർ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി വിജയകരമായി പൂർത്തിയാക്കിയ സാഹചര്യത്തിൽ ജനകീയ പ്രശ്നങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മനസ്സിലാക്കാനും, നടപ്പാക്കാനുമായ പ്രസക്തമായ കാര്യങ്ങൾ വിശദമാക്കാമോ;<br><br>ബി) ആദ്യഘട്ട ജനസമ്പർക്ക പരിപാടിയിൽ നിന്നുള്ള അനുഭവ പാഠങ്ങൾ രണ്ടാം ഘട്ടത്തിന്റെ ആസൂത്രണത്തിനും നടത്തിപ്പിനും എത്രത്തോളം സഹായകരമായി എന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; | <u>എ, ബി, സി & ഡി</u><br>രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയുള്ള പ്രവർത്തനം വഴി ജനകീയപ്രശ്നങ്ങൾ വളരെ വേഗത്തിൽ തീർപ്പ്കൽപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ നിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ട്രേറ്റ്, ഇന്റർനെറ്റ് കണക്ഷനുള്ള കംമ്പ്യൂട്ടറുകൾ എന്നിവ മുഖേന ഓൺലൈനായിട്ടാണ് പരാതികൾ സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ഒരു വെബ്പോർട്ടൽ രൂപികരിച്ചിട്ടുണ്ട്. വിവിധ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്ന പരാതികൾ ഈ വെബ്പോർട്ടൽ വഴി ബന്ധപ്പെട്ട ഓഫീസർമാർക്കു ലഭിക്കുകയും പരാതിയെപ്പറ്റി അന്വേഷിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കുകയും അതിനുശേഷം ബന്ധപ്പെട്ട കളക്ടർമാർ പരാതികളിൻമേൽ അവരുടെ ശുപാർശ രേഖപ്പെടുത്തി, അതാത് ജില്ലയുടെ |

| | |
|---|---|
| സി) പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത ജനസഞ്ചയവും ലഭിച്ച പരാതികളുടെ ബാഹുല്യവും നൽകുന്ന സൂചനകൾ സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;<br><br>ഡി) ലഭിച്ച പരാതികളിൻമേൽ സമയ ബന്ധിതമായ തീർപ്പുണ്ടാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | ചുമതലയുള്ള മന്ത്രിയുടെ നേതൃത്വത്തിലുള്ള സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നു. മുഖ്യമന്ത്രി നേരിട്ട് പരിഹാരം കാണേണ്ടതാണെന്ന് സ്ക്രീനിംഗ് കമ്മിറ്റി തീരുമാനിക്കുന്ന പരാതിക്കാരെ മാത്രം സന്ദർശന സമയം നൽകി ജനസമ്പർക്ക ദിനത്തിൽ വിളിച്ചു വരുത്തുകയാണ് ചെയ്തിട്ടുള്ളത്. ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ നടപടികൾ പുരോഗമിക്കുന്നു |

Kuldakut

സെക്ഷൻ ഓഫീസർ